**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 426** **30-01-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്ത് ആസ്തികളിൽ രേഖപ്പെടുത്തിയിട്ടുള്ളതും ഉപയോഗ യോഗ്യമല്ലാത്ത രീതിയിൽ തകർന്ന് കിടക്കുന്നതുമായ വൈപ്പിൻ മണ്ഡലത്തിലെ റോഡുകൾ ടാറിംഗ് ചെയ്തും ഇന്റർലോക്കിംഗ് ടൈൽ വിരിച്ചും സംരക്ഷിക്കുന്നതിനായി മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം കാരണം അനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2023-24 നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിച്ച് വൈപ്പിൻ നിയോജക മണ്ഡലത്തിലെ തകർന്നു കിടക്കുന്ന വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സം ബഹു. വൈപ്പിൻ എംഎൽ എ സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ പ്രത്യേക അനുമതിയ്ക്കായി ബഹു. വൈപ്പിൻ എംഎൽ എ ലഭ്യമാക്കിയ ശിപാർശ പരിഗണിച്ചുകൊണ്ട് 07.12.2023 ലെ സ.ഉ (സാധാ) നം.8638/2023/ ധന, പ്രകാരം ഒരു കോടി രൂപയുടെ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തു ത ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത റോഡുകളുടെ ശോചനീയാവസ്ഥയും റോഡുകൾ പുനരുദ്ധരിക്കാൻ മറ്റ് ഫണ്ടുകൾ അനുവദിക്കപ്പെടാത്ത സാഹചര്യവും കണക്കിലെടുത്ത് മണ്ഡലം ആസ്തി വികസന പദ്ധതിയിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾക്ക് പ്രത്യേക അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | 2023-24 നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിച്ച് വൈപ്പിൻ നിയോജക മണ്ഡലത്തിലെ തകർന്നു കിടക്കുന്ന വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സം ബഹു. വൈപ്പിൻ എംഎൽ എ സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ പ്രത്യേക അനുമതിയ്ക്കായി ബഹു. വൈപ്പിൻ എംഎൽ എ ലഭ്യമാക്കിയ ശിപാർശ പരിഗണിച്ചുകൊണ്ട് 07.12.2023 ലെ സ.ഉ (സാധാ) നം.8638/2023/ ധന, പ്രകാരം ഒരു കോടി രൂപയുടെ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തു ത ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ – മാതൃഭാഷ"

Azadi ka Amrit Mahotsav

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ്- നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി -2023-24- വൈപ്പിൻ നിയോജകമണ്ഡലം - വൈപ്പിൻ മണ്ഡലത്തിലെ തകർന്നു കിടക്കുന്ന വിവിധ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.)നം. 8638/2023/ധന.** **തിരുവനന്തപുരം, തീയതി : 07/12/2023**

---

**പരാമർശം :** 1. സ.ഉ.(അച്ചടി) നം.119/2018/ധന തീയതി 04/08/2018.

2. ബഹു. വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.കെ.എൻ.ഉണ്ണികൃഷ്ണൻ അവർകൾ 07/07/2023 തീയതിയിൽ ബഹു ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ ശുപാർശ
3. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (തദ്ദേശ സ്വയം ഭരണ വകുപ്പ്) കാര്യാലയത്തിൽ നിന്നുമുള്ള 26/08/2023, 04/09/2023 എന്നീ തീയതികളിലെ കത്ത്
4. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ) കാര്യാലയത്തിൽ നിന്നുമുള്ള 18/09/2023 തീയതിയിലെ കത്ത്

**ഉത്തരവ്**

2023-24 നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിച്ച് വൈപ്പിൻ നിയോജകമണ്ഡലത്തിലെ തകർന്നു കിടക്കുന്ന ചുവടെ ചേർത്തിരിക്കുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള പ്രത്യേകാനുമതി നൽകണമെന്ന് വൈപ്പിൻ നിയോജകമണ്ഡലം ബഹു.എം.എൽ.എ. ശ്രീ.കെ.എൻ.ഉണ്ണികൃഷ്ണൻ അവർകൾ പരാമർശം(2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

1. Construction of Drain and improvements of SN Sangham South West Road in Ward 15 of Edavanakkad GP- Rs. 15 lakhs
2. Construction of Drain and Tiling Bhayyankkara Temple Road in Ward 15 of Njarakkal GP- Rs. 10 Lakhs
3. Nediyara Marana Fund Road in Ward 11 of Pallipuaram GP- Rs. 10 Lakhs
4. Tiling of East Appangad Bridge Road in Ward of Edavanakkad GP - Rs. 10 Lakhs
5. Tiling of East Payyapilly Pazhangad Ward 6 of Edavanakkad GP -Rs. 10 Lakhs
6. Concreting and draining at Libin saw mill link road in ward 22 of Pallipuaram GP - Rs.10 lakhs
7. Friends road link road - ward 21- Elamkunnapuzha GP- Rs. 10 lakhs
8. Azheekal Shenoys road - ward 15- Elamkunnapuzha GP- Rs. 10 lakhs
9. Malikamukku Link road - ward 11- kadamakkudy GP- Rs. 11 Lakhs

10. Vayanashala road - ward 15- Mulavukad GP- Rs. 10 Lakhs
11. Thanjan link road - ward-1-Elamkunnapuzha GP- Rs. 10 Lakhs
12. Settlement colony road - 20- Elamkunnapuzha GP- Rs. 36.70 Lakhs
13. Balance work of Sea shore road in ward 12 of Nayarambalam panchayath – Rs. 20 Lakhs

2). പ്രസ്തുത റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ വിവരങ്ങൾ, പുനരുദ്ധാരണത്തിന്റെ അനിവാര്യത, റോഡ് കോൺക്രീറ്റിംഗ്, ഇന്റർലോക്ക് ബ്രിക്സ് പാകൽ എന്നീ സംവിധാനങ്ങളുടെ ആവശ്യകത എന്നിവ വിശദീകരിച്ചുകൊണ്ടുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ പരാമർശം (3), (4) പ്രകാരം ലഭ്യമായിട്ടുണ്ട്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വൈപ്പിൻ നിയോജകമണ്ഡലം ബഹു.എം.എൽ.എ. ശ്രീ.കെ.എൻ.ഉണ്ണികൃഷ്ണൻ അവർകളുടെ 2023-24 ആസ്തിവികസന നിധിയിൽ നിന്നും പരമാവധി **1,00,00,000/- രൂപ (ഒരു കോടി രൂപ** മാത്രം) വിനിയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ തകർന്നു കിടക്കുന്ന മേൽ സൂചിപ്പിച്ച 13 റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് പരാമർശം(1) ഉത്തരവിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഇന്ദു.ജി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II)കേരള, തിരുവനന്തപുരം.
3. ശ്രീ.കെ.എൻ.ഉണ്ണികൃഷ്ണൻ, ബഹു.എം.എൽ.എ (വൈപ്പിൻ), കെഴപ്പിള്ളിൽ, കടവന്ത്ര, കൊച്ചി-682020.
4. ജില്ലാ കളക്ടർ, എറണാകുളം.
5. ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, എറണാകുളം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File.No. 2514721/NC-B3/116/2023-FIN)

//True copy//

**ഉത്തരവിൻ പ്രകാരം**

**അക്കൗണ്ട്സ് ഓഫീസർ**